"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
Phone: 0471-2342532
Mail: keralaprisons@gov.in

## നടപടികൾ

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം – ജീവനക്കാര്യം –സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് പ്രമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന : 14.07.2025 തീയതിയിലെ KPCS/1672/2025-E1 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ്.

---

**ഉത്തരവ് നമ്പർ: KPCS/2410/2026-E1 ; തീയതി: 24-06-2026**

---

ജയിൽ വകുപ്പിൽ, തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ. സന്തോഷ് കുമാർ ജി., വിമെൻ പ്രിസൺ & കറക്ഷണൽ ഹോമിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീ. സുനിൽ കുമാർ എസ്. എന്നിവർ 31.05.2026 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. തുടർന്ന് 01.06.2026 തീയതിയിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവും, യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ 2 ഒഴിവുകളും നിലവിൽ വന്നിരുന്നു. പ്രസ്തുത സാഹചര്യത്തിൽ, KS&SSR Part II Rule 28(b)(i) പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, 01.06.2026 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം താഴെ പറയുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

i. പരാമർശിത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം യു.ഡി. ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയറായ ജയിലാസ്ഥാനകാര്യാലയത്തിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി സുനിജ പി.പി.യെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് Rs. 37400-79000 ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ പ്രൊമോഷൻ നൽകി ഉത്തരവാകുന്നു.

ii. യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേക്ക്, പരാമർശിത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എൽ.ഡി. ടൈപ്പിസ്റ്റുമാരിൽ ഏറ്റവും സീനിയറായ ജയിലാസ്ഥാനകാര്യാലയത്തിലെ എൽ.ഡി ടൈപ്പിസ്റ്റ് ശ്രീമതി എം മല്ലികയെ Rs 35600-75400 ശമ്പള സ്കെയിലിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ രണ്ടാമത്തെ ഒഴിവിലേക്ക് എൽ.ഡി. ടൈപ്പിസ്റ്റ് വിഭാഗത്തിലെ അടുത്ത സീനിയർ ഉദ്യോഗസ്ഥനായ ശ്രീ ബിജു റ്റി.യെ Rs 35600-75400 ശമ്പള സ്കെയിലിൽ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ പ്രൊമോഷൻ നൽകിയും ഉത്തരവാകുന്നു.

2. ഭരണപരമായ സൗകര്യവും ഓഫീസ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പും കണക്കിലെടുത്ത്, മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ നിലവിൽ ജോലി ചെയ്തുവരുന്ന

സെക്ഷനുകളിൽ തന്നെ സ്ഥാനക്കയറ്റ തസ്തികകളിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. സ്ഥാനക്കയറ്റ തസ്തികകളിലെ ശമ്പള നിർണയം, സീനിയോറിറ്റി, മറ്റ് സേവനാനുകൂല്യങ്ങൾ എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും.

4. കൂടാതെ, ജയിലാസ്ഥാനകാര്യാലയത്തിലെ അക്കൗണ്ട്സ് സെക്ഷനിൽ ജോലി നോക്കിവരുന്ന യു.ഡി. ടൈപ്പിസ്റ്റ് ശ്രീ. ശ്യാം പി.പി. യെ പരിശോധനാ വിഭാഗത്തിൽ നിലവിലുള്ള ടൈപ്പിസ്റ്റിന്റെ ഒഴിവിലും, എൽ.ഡി. ടൈപ്പിസ്റ്റ് ശ്രീമതി രേവതി എസ്.ആർ.-നെ അക്കൗണ്ട്സ് സെക്ഷനിലും, നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

Preethy C S
ADMINISTRATIVE OFFICER

Digitally signed by Preetha V S
Date: 25-06-2026 10:32:49

സ്വീകർത്താവ്:
(1) ശ്രീമതി സുനിജ പി.പി.,സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്
(2) ശ്രീമതി എം മല്ലിക, യു.ഡി. ടൈപ്പിസ്റ്റ്
(3) ശ്രീ ബിജു റ്റി, യു.ഡി. ടൈപ്പിസ്റ്റ്
(4) ശ്രീ. ശ്യാം പി.പി, യു.ഡി. ടൈപ്പിസ്റ്റ്
(5) ശ്രീമതി രേവതി എസ്.ആർ, എൽ.ഡി. ടൈപ്പിസ്റ്റ്

പകർപ്പ്:
(1) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനായി.
(2) അക്കൗണ്ട്സ് വിഭാഗം.
(3) ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.
(4) ടെക്നിക്കൽ സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
(5) എ1 സീറ്റ്/ഇ4 സീറ്റ് (ആവശ്യമായ തുടർ നടപടികൾക്കായി)